ഭരണഭാഷ മാതൃഭാഷ

# വിവരാവകാശ നിയമം 2005

നമ്പർ.TCPCTP/1412/2019-E3

ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം,
നഗര-ഗ്രാമാസൂത്രണ വകുപ്പ്,
2nd &3rd ഫ്ലോർ,
സ്വരാജ് ഭവൻ, നന്തൻകോട്,
തിരുവനന്തപുരം, തീയതി.**29/06/2019**
ഫോൺ നം.0471-2721447,
ctpkeralam@gmail.com

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ( ടെക്നിക്കൽ)**
**& ടൗൺ പ്ലാനർ,**
**തിരുവനന്തപുരം.**

**ശ്രീ.കെ.ആർ.വേണു.,**
**ആർ.ഡി./1835(2),**
**കൃഷ്ണേന്ദു, പൂജപ്പുര.പി.ഒ.,**
**തിരുവനന്തപുരം -695 012**

സർ,

വിഷയം :- വിവരാവകാശ നിയമം 2005- പ്രകാരം വിവരങ്ങൾ നല്കുന്നത് സംബന്ധിച്ച്.

സൂചന :- താങ്കളുടെ 21/06/2019 ലെ അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.
താങ്കൾ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയിന്മേൽ താഴെ പറയുന്നവ അറിയിക്കുന്നു.

(1). അംഗീകൃത തിരുവനന്തപുരം മാസ്റ്റർ പ്ലാനിന്റെ വ്യവസ്ഥകൾ പ്രകാരമാണ് പ്രസ്തുത സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നത്.GO(MS) No.180/2017/LSGD തീയതി-11/9/2017 എന്നത് 2013 ൽപ്രസിദ്ധീകരിച്ച തിരുവനന്തപുരം മാസ്റ്റർ പ്ലാൻ പരിഷ്കരിച്ച് കൊണ്ടുള്ള "ഇടക്കാല വികസന ഉത്തരവ്" അംഗീകരിക്കുന്ന ഉത്തരവാണ്. പ്രസിദ്ധീകൃത തിരുവന-ന്തപുരം മാസ്റ്റർ പ്ലാനിന്റെ വ്യവസ്ഥ അംഗീകൃത മാസ്റ്റർ പ്ലാൻ പ്രദേശത്ത് ബാധകമല്ല.

(2). കേരള നഗര ഗ്രാമാസൂത്രണ ആക്ട് 63(4) -ാം വകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാനിലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളുംക്ഷണിച്ചുകൊണ്ടു ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ ആയതിന്റെ വ്യവസ്ഥ പ്രകാരമേ ഭൂമിയുടെ ഉപയോഗവും വികസനവും നടത്താവൂ. എന്നാൽ ടി ആക്ടിന്റെ 36(12)-ാം വകുപ്പിന്റെ പ്രൊവിസോ പ്രകാരം അനുമതി ലഭിച്ച ഒരു മാസ്റ്റർ പ്ലാൻ നിലവിൽ ഉള്ളടത്ത്, ആയതിന്റെ വ്യവസ്ഥകൾ മാത്രമായിരിക്കും പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിനു ആക്ട് പ്രകാരം അനുമതി ലഭിക്കുന്നത്

വരെ ബാധകമായിട്ടുള്ളത്. അതിനാലാണ് അംഗീകൃത മാസ്റ്റർ പ്ലാനിന്റെ വ്യവസ്ഥകളാണ് അപേക്ഷയിൽ സൂചിപ്പിച്ച സ്ഥലത്ത് ബാധകമായിട്ടുള്ളത് എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ഷീബാറാണി.വൈ**
**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ( ടെക്നിക്കൽ)&**
**ടൗൺ പ്ലാനർ**

================================================================================

**അപ്പീൽ അധികാരി** - **ചീഫ് ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം,**
2nd &3rd ഫ്ലോർ,
സ്വരാജ് ഭവൻ, നന്തൻകോട്,
തിരുവനന്തപുരം, ഫോൺ നം.0471–2721447,

അപ്പീൽ കാലാവധി – 30 ദിവസം.

================================================================================

R-14.-2019

DESPATCHED
A4
Date 1/7/19